കാലടി

7.11.2022

പ്രിയ സുഹൃത്തേ,

മലയാളം ഭരണഭാഷയായി അംഗീകരിച്ചിട്ടുള്ള നമ്മുടെ സർവ്വകലാശാലയിൽ ഭരണഭാഷാവലോകന സമിതിയുടെ നേതൃത്വത്തിൽ നടന്ന മാതൃഭാഷാ വാരാചരണത്തിന്റെ സമാപനം **2022 നവംബർ 10ന് ഉച്ചയ്ക്ക് 2 മണിക്ക് യൂട്ടിലിറ്റി സെന്ററിൽ** വച്ച് നടക്കുകയാണ്. മാതൃഭാഷയ്ക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾ പരിഗണിച്ച് സർവ്വകലാശാല, **ഡോ. പ്രദീപൻ പാമ്പിരികുന്ന് സ്മാരക ഭാഷാ പുരസ്കാരം** ഏർപ്പെടുത്തിയിട്ടുണ്ട്. ഈ വർഷം അതിന് അർഹനായ **ഡോ. എം.പി. പരമേശ്വരന്** ഈ ചടങ്ങിൽവെച്ച് ബഹു. വൈസ് ചാൻസലർ **പ്രൊഫ. എം.വി. നാരായണൻ** പുരസ്കാരം സമർപ്പിക്കും. ഭരണഭാഷാവലോകന സമിതി മുൻ കോ-ഓർഡിനേറ്റർ **ഡോ. വത്സലൻ വാതുശ്ശേരിയെ** ബഹു. പ്രൊ. വൈസ് ചാൻസലർ **ഡോ. കെ. മുത്തുലക്ഷ്മി** ഉപഹാരം നൽകി ആദരിക്കുന്നതിനോടൊപ്പം മാതൃഭാഷാ വാരാചരണത്തോടനുബന്ധിച്ച് നടത്തിയ മത്സരങ്ങളിൽ വിജയികളായവർക്കുള്ള സമ്മാനവിതരണവും തുടർന്ന് വിവിധ കലാപരിപാടികളും നടക്കും.

ഈ പരിപാടിയിലേക്ക് ഏവരെയും സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു.

**പ്രൊഫ. വി. ലിസി മാത്യു**
(കൺവീനർ)

**ഡോ. എം.ബി. ഗോപാലകൃഷ്ണൻ**
(ചെയർമാൻ)

ഭാഷാവലോകന സമിതി

# കാര്യപരിപാടി

**2022 നവംബർ 10 ഉച്ചയ്ക്ക് 2 മണി**

| | | |
|---|---|---|
| സ്വാഗതഗാനം | : | **പെട്രീഷ്യ സാബു**<br>(ഗവേഷക, സംഗീതവിഭാഗം) |
| സ്വാഗതം | : | **ഡോ. എം.ബി. ഗോപാലകൃഷ്ണൻ**<br>(രജിസ്ട്രാർ) |
| അദ്ധ്യക്ഷത | : | **പ്രൊഫ. കെ. മുത്തുലക്ഷ്മി**<br>(പ്രൊ വൈസ് ചാൻസലർ) |
| ആമുഖഭാഷണം | : | **പ്രൊഫ. സുനിൽ പി.ഇളയിടം** |
| പുരസ്കാര സമർപ്പണവും മുഖ്യ പ്രഭാഷണവും | : | **പ്രൊഫ. എം.വി. നാരായണൻ**<br>(വൈസ്ചാൻസലർ) |
| പ്രദീപ്ത സ്മരണ | : | **ശ്രീ. പ്രേമൻ തറവട്ടത്ത്** |
| ആദരവ് | : | **പ്രൊഫ. വത്സലൻ വാതുശ്ശേരി** |
| ഉപഹാരസമർപ്പണം | : | **പ്രൊഫ. കെ. മുത്തുലക്ഷ്മി**<br>(പ്രൊ വൈസ് ചാൻസലർ) |
| ആശംസ | : | **ശ്രീ സുനിൽകുമാർ എസ്.**<br>(ഫിനാൻസ് ഓഫീസർ) |
| മറുമൊഴി | : | **ഡോ. എം.പി. പരമേശ്വരൻ** |
| | : | **പ്രൊഫ. വത്സലൻ വാതുശ്ശേരി** |

ഭാഷാവലോകന സമിതി നടത്തിയ
വിവിധ മത്സരങ്ങളുടെ സമ്മാനദാനം

| | | |
|---|---|---|
| കൃതജ്ഞത | : | **പ്രൊഫ. വി. ലിസി മാത്യു** |

തുടർന്ന് കലാപരിപാടികൾ
- സംഗീതസദസ്സ്
- തിരുവാതിര
- മോഹിനിയാട്ടം
- ഗാനമാലിക



## ഡോ. എം.പി പരമേശ്വരൻ

മലയാളത്തിന്റെ വിജ്ഞാന പദവിയ്ക്ക് മുതൽക്കൂട്ടേകുന്ന നിരവധി സംഭാവനകൾ നൽകിയ ഇന്ത്യൻ ആണവ ശാസ്ത്രജ്ഞനാണ് എം.പി പരമേശ്വരൻ. ശാസ്ത്രജ്ഞൻ എന്ന നിലയിലും വൈജ്ഞാനിക സാഹിത്യകാരൻ എന്ന നിലയിലും ശാസ്ത്ര പ്രചാരകൻ എന്ന നിലയിലും അദ്ദേഹം നൽകിയ സംഭാവനകൾ ഏറെ പ്രധാനപ്പെട്ടവയാണ്.

തൃശ്ശൂർ ജില്ലയിലെ കിരാലൂരിൽ 1935 ജനുവരി 18ന് ജനിച്ചു. തൃശ്ശൂരിൽ സ്കൂൾ, കോളേജ് വിദ്യാഭ്യാസം. തിരുവനന്തപുരം എഞ്ചിനീയറിങ് കോളേജിൽനിന്ന് ഇലക്ട്രിക്കൽ എൻജിനീയറിങ്ങിൽ ബിരുദം. റഷ്യയിലെ മോസ്കോ പവർ എഞ്ചിനീയറിംങ് ഇൻസ്റ്റിറ്റ്യൂട്ടിൽനിന്ന് ന്യൂക്ലിയർ എൻജിനീയറിങ്ങിൽ പിഎച്ച്. ഡി. ബിരുദം നേടി. 1957 മുതൽ 1975 വരെ ബാർകിൽ ശാസ്ത്രജ്ഞനായിരുന്നു. പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും വേണ്ടി നിരവധി ശാസ്ത്ര ഗ്രന്ഥങ്ങൾ മലയാളത്തിൽ രചിച്ചു. കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വിജ്ഞാനഭാഷാരൂപീകരണത്തിനായി നടത്തിയ പ്രവർത്തനങ്ങൾ, സാങ്കേതിക പദങ്ങളുടെ നിർമ്മാണം, പാഠപുസ്തകങ്ങളുടെ നിർമ്മാണം തുടങ്ങിയവയിൽ പങ്കാളിയായി.

ഏറ്റവും നല്ല വൈജ്ഞാനിക സാഹിത്യത്തിനുള്ള കേരളസാഹിത്യ അക്കാദമി ജി.എൻ. പിള്ള അവാർഡ് *ജീവരേഖ* എന്ന പുസ്തകത്തിന് ലഭിച്ചു. ഏറ്റവും നല്ല ബാല സാഹിത്യകൃതികൾക്കുള്ള ശ്രീ പദ്മനാഭസ്വാമി സമ്മാനം *പിരമിഡിന്റെ നാട്ടിൽ* എന്ന പുസ്തകത്തിന് ലഭിച്ചു. നിരവധി ദേശീയ പുരസ്കാരങ്ങൾക്ക് അർഹനായ അദ്ദേഹത്തെ കേരളസാഹിത്യ അക്കാദമി സമഗ്രസംഭാവനാ പുരസ്കാരം നൽകി ആദരിച്ചിട്ടുണ്ട്. കാലഹരണമില്ലാത്ത സ്വപ്നങ്ങളാണ് അദ്ദേഹത്തിന്റെ ആത്മകഥ.

മാതൃഭാഷയെ വൈജ്ഞാനികഭാഷയാക്കി ഒരു ജനതയുടെ ജനാധിപത്യസങ്കൽപ്പങ്ങളെ സമ്പുഷ്ടമാക്കാൻ നൽകിയ സംഭാവനകളെ മുൻനിർത്തിയാണ് ഈ വർഷത്തെ ഭരണഭാഷാപുരസ്കാരം ഇദ്ദേഹത്തിന് സമർപ്പിക്കുന്നത്.



**മലയാളം നമ്മുടെ മാതൃഭാഷ**
**മലയാളം നമ്മുടെ ഭരണഭാഷ**

**ശ്രീശങ്കരാചാര്യ സംസ്കൃതസർവ്വകലാശാല, കാലടി**



**ഭരണഭാഷാവലോകനസമിതിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന**

# മാതൃഭാഷാ വാരാചരണ സമാപനവും ഡോ. പ്രദീപൻ പാമ്പിരികുന്ന് സ്മാരക ഭാഷാ പുരസ്കാര സമർപ്പണവും

**2022 നവംബർ 10 വ്യാഴം ഉച്ചയ്ക്ക് 2 മണിക്ക്**

**യൂട്ടിലിറ്റി സെന്റർ**